പാഠാസൂത്രണം

അധ്യാപികയുടെ പേര് :ഷാരി കെ. എം

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ്

ചാലിശ്ശേരി

വിഷയം : മലയാളം

പാഠഭാഗം:അഴീക്കോട്സംസാരിക്കുന്നു
യൂണിറ്റ് :സ്വപ്നങ്ങൾ വാക്കുകൾ

---

ആശയങ്ങൾ /ധാരണകൾ

- കേരളത്തിന്റെ സാംസ്കാരിക രംഗത്ത് നിറഞ്ഞു നിന്ന ബഹുമുഖ പ്രതിഭയായ ഡോക്ടർ സുകുമാർ അഴീക്കോടുമായുള്ള പ്രൊഫസർ എം എൻ കാരശ്ശേരി നടത്തിയ അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങളാണ് പാഠഭാഗം
- കാരശ്ശേരിയുടെ സംസാരം എന്ന പുസ്തകത്തിൽ നിന്നാണ് ഇത് എടുത്തിരിക്കുന്നത്
- അഭിമുഖത്തിലെ സവിശേഷതകൾ പാഠഭാഗത്തു കാണാം
- പ്രസംഗത്തിന് സവിശേഷതകളും അഴീക്കോടിന്റെ സംസാരത്തിൽ കാണാം

ഭാഷാ വസ്തുതകൾ

നൂതന പദങ്ങൾ

മുന്നറിവ്

- പ്രസംഗത്തെക്കുറിച്ച് മുൻധാരണ ഉണ്ട്
- സംഭാഷണങ്ങളും പ്രസംഗങ്ങളും മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ട്

ശേഷികൾ /നൈപുണികൾ

- ആശയ പ്രകടന ശേഷി
- ചിന്താശേഷി

മൂല്യങ്ങൾ /മനോഭാവങ്ങൾ

- കാര്യങ്ങൾ വ്യക്തത വരുത്തുവാനുള്ള മാർഗ്ഗമാണ് പ്രസംഗം എന്ന ബോധം
- മനുഷ്യനെ ചിന്തിപ്പിക്കുന്നതും കാര്യങ്ങൾ ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് പ്രസംഗകലയുടെ ഉദ്ദേശം
- അഭിമുഖം, പ്രസംഗം എന്നിവ എത്തരത്തിൽ നടത്താം,

ബോധനോദ്ദേശ്യങ്ങൾ

- സുകുമാർ അഴീക്കോടിനെ കുറിച്ച് അറിയുന്നതിന്
- പ്രസംഗകലയെക്കുറിച്ച് അറിയുന്നതിന്
- അഭിമുഖത്തെ കുറിച്ച് അറിയുന്നതിന്

പഠനനേട്ടങ്ങൾ

- സുകുമാർ അഴീക്കോടിനെ കുറിച്ച് ധാരണ നേടുന്നു
- പ്രസംഗത്തെക്കുറിച്ച് ധാരണ നേടുന്നു
- അഭിമുഖത്തെ കുറിച്ച് ധാരണ നേടുന്നു

വ്യവഹാര രൂപങ്ങൾ

- ചർച്ച
- ജീവചരിത്രക്കുറിപ്പ്

പഠനസാമഗ്രികൾ

- സുകുമാർ അഴീക്കോടിന്റെ വിവരങ്ങൾ അടങ്ങുന്ന സ്ലൈഡ്
- സുകുമാർ അഴീക്കോടിന്റെ ചിത്രം
- അഭിമുഖത്തിന്റെ വീഡിയോ
- പ്രസംഗത്തിന്റെ  ചിത്രങ്ങൾ

പ്രതീക്ഷിത ഉൽപ്പന്നം

- ജീവചരിത്രക്കുറിപ്പ്
- ചർച്ചയിലൂടെ ഒരു തിരിഞ്ഞു വന്ന ആശയം

| പ്രക്രിയ | വിലയിരുത്തൽ/ പ്രതികരണം |
|---|---|
| ആമുഖ പ്രവർത്തനം **(15** മിനിറ്റ്**)**<br><br>ടെലിവിഷൻ സിനിമാതാരങ്ങളുടെ അഭിമുഖത്തിന് വീഡിയോ കാണിച്ചുകൊടുക്കുന്നു. (https://youtu.be/j9T_Tfl-m-4).<br><br>വീഡിയോ  കണ്ടതിന്റെ അടിസ്ഥാനത്തിൽ അഭിമുഖത്തെ കുറിച്ച് വിദ്യാർത്ഥികളോട് ചോദിക്കുകയും പറയുകയും ചെയ്യുന്നു വിദ്യാർഥികൾ നൽകിയ ഉത്തരങ്ങൾ അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തുകയും പ്രവർത്തനം ക്രോഡീകരിക്കുകയും ചെയ്യുന്നു | |


ക്രോഡീകരണം

അഭിമുഖം നടത്തുമ്പോൾ ഒരു അവതാരകൻ ഉണ്ടായിരിക്കും.അതായത് ചോദ്യങ്ങൾ ചോദിക്കുന്ന വ്യക്തി.ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ഏതെങ്കിലും മേഖലയിൽ പ്രസക്തമായ ഒരു വ്യക്തി ഉണ്ടായിരിക്കും.അവതാരകൻ അഭിമുഖം നടത്തുന്ന വിഷയത്തിൽ ജ്ഞാനമുള്ളവ്യക്തി ആയിരിക്കണം.ഒപ്പം തന്നെ അഭിമുഖം നടത്താനിരിക്കുന്ന വ്യക്തിയെക്കുറിച്ചും ധാരണ ഉണ്ടാവണം. അഭിമുഖത്തിലൂടെ പ്രശസ്തരായ വ്യക്തികളുടെ ജീവിതാനുഭവങ്ങളുടെ മൂല്യങ്ങൾ നേടിയെടുക്കാൻ സഹൃദയനു സാധിക്കും.

പ്രവർത്തനം **1( 15** മിനിറ്റ് **)**

ഏതാനും പ്രസക്തമായ വ്യക്തികളുടെ പ്രസംഗിക്കുന്ന ചിത്രങ്ങൾ കാണിച്ചു കൊടുക്കുന്നു .





പ്രസംഗത്തെക്കുറിച്ച് വിദ്യാർഥികൾക്ക് അറിയാവുന്ന കാര്യങ്ങൾ കുറിപ്പ് രൂപത്തിൽ എഴുതാൻ നിർദ്ദേശിക്കുന്നു.വിദ്യാർത്ഥികൾ എഴുതിയ കുറിപ്പുകൾ ക്ലാസിൽ വായിക്കുകയും അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തുകയും ചെയ്യുന്നു

ക്രോഡീകരണം

ഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിലും റോമൻ രാഷ്ട്രീയക്കാരനായ സി സെ റോ പ്രസംഗകലയുടെ പിതാക്കന്മാർ.പ്രസംഗ കാര്യങ്ങൾക്ക് ഒരു വ്യക്തത വരുത്തുവാനുള്ള മാർഗമായിരുന്നു മനുഷ്യനെ ചിന്തിപ്പിക്കുന്നതും കാര്യങ്ങൾ ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ കലയുടെ ഉദ്ദേശം മനുഷ്യമനസ്സുകളെ ഭരിക്കുന്ന ഒരു കല.

- ജനങ്ങളുമായി സമ്പാദിക്കാനുള്ള മികച്ച ഉപാധി
- മനസ്സിലെ ചിന്തകളും ആശയങ്ങളും

| | |
|---|---|
| മറ്റുള്ളവരുമായി പങ്കു വയ്ക്കുവാനുള്ള നേരിട്ടുള്ള ഉപാധി<br><br>പ്രസംഗങ്ങൾ പലതരം<br>• രാഷ്ട്രീയ പ്രസംഗം<br>• സാംസ്കാരിക പ്രസംഗം<br>• മതപ്രസംഗം<br>• അനുമോദന പ്രസംഗം<br>• അനുശോചന പ്രസംഗം<br>• അനുസ്മരണ പ്രസംഗം<br><br>പ്രവർത്തനം **2 (15** മിനിറ്റ് **)**<br><br>മലയാളത്തിലെ പ്രമുഖ പ്രഭാഷകനായ സുകുമാർ അഴീക്കോടിനെ പരിചയപ്പെടുത്തുന്ന സ്ലൈഡ് ക്ലാസിൽ പ്രദർശിപ്പിക്കുന്നു. സ്ലൈഡ് കണ്ടതിന്റെ അടിസ്ഥാനത്തിൽ സുകുമാർ അഴീക്കോടിന്റെ ജീവചരിത്രം എഴുതാൻ നിർദേശിക്കുന്നു.വിദ്യാർത്ഥികൾ എഴുതിയ ഏതാനും ജീവചരിത്രം ക്ലാസിൽ വായിക്കുന്നു. കേരളത്തിലെ സാംസ്കാരിക രംഗത്ത് നിറഞ്ഞുനിന്ന ബഹുമുഖപ്രതിഭയായ ഡോക്ടർ സുകുമാർ അഴീക്കോട് എം എൻ കാരശ്ശേരി നടത്തിയ അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങളാണ് പാഠഭാഗം. എന്ന് പരിചയപ്പെടുത്തി പ്രവർത്തനം ക്രോഡീകരിക്കുന്നു.<br><br>ക്രോഡീകരണം<br><br>സുകുമാർ അഴീക്കോട്<br><br>• **1926** മേയ് **12**ന് ജനനം<br>• കേരളത്തിലെ പ്രസക്ത നായ ഒരു സാഹിത്യവിമർശകനും ഗ്രന്ഥകാരനും പ്രഭാഷകനുമായ സാമൂഹിക നിരീക്ഷകനും വിദ്യാഭ്യാസ | |

| | |
|---|---|
| ചിന്തകനും ആയിരുന്നു സുകുമാർ അഴീക്കോട്<br>കൃതികൾ<br>• രമണനും മലയാള കവിതയും<br>• ആശാന്റെ സീതാകാവ്യം<br>• മലയാള സാഹിത്യവിമർശനം- **1981**<br>• മലയാള സാഹിത്യപഠനങ്ങൾ- **1986** | |

തുടർ പ്രവർത്തനം

മലയാളത്തിലെ പ്രസിദ്ധ പ്രാസംഗികരുടെ പേരുകൾ കണ്ടെത്തി വരുക